**ശ്രദ്ധക്ഷണിക്കൽ**

സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: സർ, കൊച്ചി മെട്രോ റെയിൽ പദ്ധതിയോടനുബന്ധമായി റോഡ്-ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനും ഒരു ഇന്റലിജന്റ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. യഥാർത്ഥത്തിൽ കൊച്ചി മെട്രോ റെയിൽ പ്രോജക്ടിനെക്കാൾ ബൃഹത്തായ ഒരു പദ്ധതിയാണ് ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം. ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി മോഡേണൈസ്ഡായിട്ടുള്ള വാട്ടർ ട്രാൻസ്പോർട്ടേഷൻ സിസ്റ്റം കൊച്ചിയിൽ മാത്രമല്ല, അനുബന്ധ ജില്ലകൾകൂടി ഉൾപ്പെടുത്തി വിപുലീകരിക്കാൻ കഴിയുന്ന തരത്തിൽ ഡിസൈൻ ചെയ്യപ്പെട്ടിട്ടുള്ളതാണ് ഈ പ്രോജക്ട്. റോഡ്-ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുകയെന്നത് ഗവൺമെന്റ് ഓഫ് ഇന്ത്യ സാങ്ഷൻ ചെയ്ത മെട്രോ റെയിലിനോടൊപ്പംതന്നെയുള്ള ഒരു പ്രോജക്ടാണ്. കൊച്ചി മെട്രോ റെയിൽ എന്ന പദ്ധതിക്കൊപ്പംതന്നെ അനുബന്ധ ഗതാഗത സൗകര്യങ്ങൾകൂടി

വികസിപ്പിക്കുന്നതിന്, മെട്രോ മുന്നോട്ടുവയ്ക്കുന്ന പുതിയ ഒരു വികസിത ഗതാഗത സംവിധാനമെന്ന പ്രഖ്യാപിത ലക്ഷ്യത്തിന് ഇത് വളരെ അത്യാവശ്യമാണ്. ജല-ഗതാഗത സൗകര്യങ്ങളുടെ വികസനം സംബന്ധിച്ച വൻ സാമ്പത്തിക ബാധ്യത താങ്ങാൻ കേന്ദ്രസർക്കാരിനോ കേരള സർക്കാരിനോ കഴിയാത്തതിനാൽ ഏതെങ്കിലുമൊരു വിദേശ ഏജൻസിയുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ് ഇത് നടപ്പാക്കേണ്ടത്. അതുപോലെ മികവുറ്റ സാങ്കേതിക വിദ്യയും കഴിവുറ്റ ഉദ്യോഗസ്ഥവൃന്ദവും സ്വന്തമായിട്ടുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതിയെത്തന്നെ ഈ സമഗ്ര ജലഗതാഗത വികസന ചുമതലയും ഏൽപ്പിക്കേണ്ടതാണ്. അതിനുവേണ്ടിയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഞാൻ മുന്നോട്ടുവയ്ക്കുന്നത്. ജലഗതാഗത വികസനം സംബന്ധിച്ച് കൊച്ചിൻ കോർപ്പറേഷൻ CDIA (Cities Development Initiatives of Asia) എന്ന ഏജൻസിവഴി ഒരു പ്രീ-ഫീസിബിലിറ്റി സ്റ്റഡി നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുതിയ വെസൽസ്, ജെട്ടികളുടെ നവീകരണം, വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത ഈ പഠനത്തിൽ ഊന്നി പറയുന്നുണ്ട്. 40 കിലോമീറ്റർ നീളം വരുന്നതും സഞ്ചാരയോഗ്യവുമായ സവിശേഷമായ ഒരു ജലപാത

സ്വന്തമായിട്ടുള്ള കൊച്ചിക്ക് റോഡ് ഗതാഗതത്തിൽ മണിക്കൂറുകളോളം നീണ്ട ട്രാഫിക് കുരുക്ക് ഒഴിവാക്കാനും ഇത് വലിയ രീതിയിൽ സഹായകരമാകും എന്നതാണ് ഈ പഠനത്തിൽ വ്യക്തമാക്കുന്നത്. ജനസാന്ദ്രതയേറിയ കൊച്ചി നഗരത്തിൽ മറ്റേത് ഉപരിതലഗതാഗത സൗകര്യ വികസന പദ്ധതി വന്നാലും സ്ഥലം ഏറ്റെടുക്കൽ വളരെയധികം കാലതാമസം നേരിടുന്നതും സങ്കീർണ്ണവുമായ ഒരു പ്രക്രിയയാണ്. അതുകൊണ്ടുതന്നെ 2010-ലെ CDIA-യുടെ പഠനപ്രകാരം 230 കോടി രൂപയാണ് ഇതിനുവേണ്ടി ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നത്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി തുക എസ്കലേറ്റ് ചെയ്തിട്ടുണ്ട്. പക്ഷേ വിദേശ ഏജൻസിയുടെ സഹായത്തോടുകൂടി വളരെ എളുപ്പത്തിൽ നടപ്പാക്കാൻ കഴിയുന്ന, മെട്രോയെക്കാളും പ്രാധാന്യം കൊടുക്കേണ്ട ഒരു പദ്ധതിയാണ് ഇത്. Basic network waterborne connectivity with modern faster vessels, smart ticketing, last mile connectivity through feeder services എന്നിവ ഉറപ്പുവരുത്തുന്ന ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടാണ് ആദ്യം തയ്യാറാക്കേണ്ടത്. ആദ്യപടിയെന്ന നിലയിൽ ഒരു ബൈലാറ്ററൽ ഫണ്ടിംഗ് ഏജൻസി - ജർമ്മൻ ഫണ്ടിംഗ് ഏജൻസിയും ഫ്രഞ്ച് ഫണ്ടിംഗ് ഏജൻസിയും ഇതിനുവേണ്ടി തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. KFW-യുമായി KMRL ഒരു മീറ്റിംഗ് ഇതിനകംതന്നെ

നടത്തുകയുണ്ടായി. KMRL, UMTA അധികൃതർ മുന്നോട്ടുവയ്ക്കുന്ന പ്രോജക്ട് ഫീസിബിളാണെന്ന് കാണുന്നപക്ഷം KFW 80 മില്യൻ യൂറോയുടെ ഫിനാൻഷ്യൽ സപ്പോർട്ട് നൽകാമെന്നും ആ മീറ്റിംഗിൽ സമ്മതിക്കുകയുണ്ടായി. ജർമ്മൻ സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാർ അനുമതിയോടുകൂടിയ സോഷ്യൽ ഇംപാക്ട് സ്റ്റഡിയും എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡിയും നടത്തി ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അധികൃതർ സമർപ്പിക്കുകയുണ്ടായി. ഇത് സമർപ്പിച്ചതിനുശേഷം ജർമ്മൻ അധികൃതർ സാമ്പത്തിക സഹായം നിരസിക്കുകയാണെങ്കിൽ മറ്റേതെങ്കിലും സ്ഥാപനം ഇതേ ഡി.പി.ആർ. സമർപ്പിക്കാമെന്നും, വിദേശ ധനകാര്യ സ്ഥാപനത്തിന്റെ സാമ്പത്തിക സഹായം അനിവാര്യമായിരിക്കെ കേന്ദ്രസർക്കാരിനെക്കൊണ്ട് ഈ പ്രവർത്തനം അതിവേഗത്തിൽ നടത്തുന്നതിന് കേരള സർക്കാർ മുന്നോട്ട് വരേണ്ടിയിരിക്കുന്നു. ഇത് നേരത്തെതന്നെ ജി.ഒ. ആയി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച പദ്ധതിയാണ്. പക്ഷേ ഇപ്പോൾ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് അതുവഴി സാമ്പത്തിക സ്രോതസ്സ് കേരളത്തിലേയ്ക്ക് കൊണ്ടുവരുവാനും ഈ സ്വപ്ന പദ്ധതി യാഥാർത്ഥ്യമാക്കാനും ............ മെട്രോ റെയിൽ വരുന്നതുകൊണ്ടുമാത്രം കൊച്ചിയിലെ ഗതാഗതക്കുരുക്ക് മാറുകയില്ല. നമ്മൾ ഒരു

പുതിയ ട്രാൻസ്പോർട്ടേഷൻ കൾച്ചർ ഡവലപ് ചെയ്യേണ്ടിയിരിക്കുന്നു. അതിന്റെ ഭാഗമായി നാച്വറൽ ഇൻഫ്രാസ്ട്രക്ചർ ഉപയോഗപ്പെടുത്തിക്കൊണ്ട് അനന്തമായ സാധ്യതകളുള്ള വാട്ടർ ട്രാൻസ്പോർട്ടേഷൻ ചരക്കുനീക്കത്തിനുമെല്ലാം ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ റാപിഡ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റംതന്നെ തുടങ്ങാൻ കഴിയുന്ന ഒന്നാണ് നമ്മൾ സമർപ്പിച്ചിട്ടുള്ളത്. ഇത് കൊച്ചി നഗരവാസികളുടെയും എറണാകുളം നിവാസികളുടെയും ചിരകാല സ്വപ്നമാണ്. ഇത് കേരളത്തിനൊരു മോഡലായിരിക്കും. കേരളത്തിന് അഭിമാനകരമായ ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനും എണ്ണൂറിലധികം കോടി രൂപ ചെലവുവരുന്ന ഈ പദ്ധതിക്ക് കേരള ഗവൺമെന്റ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുകയും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാനവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ശ്രീ. ഹൈബി ഈഡന്റെ നിർദ്ദേശത്തോട് വളരെ പോസിറ്റീവായിട്ടുള്ള നിലപാട് സ്വീകരിക്കണമെന്നതാണ് ഗവൺമെന്റിന്റെ

സ്റ്റാന്റ്. കേന്ദ്ര സർക്കാർ കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് 2012 ജൂലൈ മാസത്തിൽ അനുമതി നൽകുമ്പോൾ കേരള സർക്കാരിനോട് ഈ പദ്ധതിയോടൊപ്പം നാനാവിധമായ ഗതാഗത മാർഗ്ഗങ്ങൾ ഏകീകരിക്കാനും അനുബന്ധ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഉന്നത പ്രാധാന്യം നൽകുവാനും നിർദ്ദേശിച്ചിരുന്നു. കൊച്ചി മെട്രോ റെയിൽ പദ്ധതിയോടൊപ്പം ആസൂത്രണം ചെയ്യപ്പെട്ട പരസ്പര ബന്ധമുള്ള സംയോജിത ഗതാഗത സംവിധാനമുണ്ടെങ്കിൽ മാത്രമേ ഈ പദ്ധതി സഫലമാകുകയുള്ളൂ. കൊച്ചിയിൽ നിലവിലുള്ള അടിസ്ഥാന ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചുവരുന്ന ഗതാഗത ആവശ്യങ്ങൾക്ക് അപര്യാപ്തമാണ്. ജലഗതാഗത വികസനം സംബന്ധിച്ച് കൊച്ചി കോർപ്പറേഷൻ സി.ഡി.ഐ.എ. എന്ന ഏജൻസി വഴി 2010-ൽ പ്രീ-ഫീസിബിലിറ്റി പഠനം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഉദ്ദേശചെലവ് 230 കോടി രൂപയായിരുന്നു. പുതിയ ജലയാനങ്ങൾ തുടങ്ങിയ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ആവശ്യകത ഈ പഠനത്തിൽ പറയുന്നു. ബോട്ട്ജെട്ടികളുടെ നവീകരണം, പുതിയ വേഗത കൂടിയ ജലയാനങ്ങൾ, വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്നീ മേഖലയിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഒരു സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി വരുന്നുണ്ട്. ഈ

പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ജലഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഫ്രഞ്ച് സാങ്കേതിക ഏജൻസിയായ കെ.എഫ്.ഡി.യും ജർമൻ സാങ്കേതിക ഏജൻസിയായ കെ.എഫ്.ഡബ്ല്യൂ.വും സാമ്പത്തിക സഹായം നൽകാമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആദ്യ നടപടിയെന്ന നിലയിൽ ജർമ്മൻ സാമ്പത്തിക ഏജൻസിയായ കെ.എഫ്.ഡബ്ല്യൂ.വുമായി കെ.എം.ആർ.എൽ. ഒരു യോഗം നടത്തുകയുണ്ടായി. ഈ യോഗത്തിൽ കെ.എഫ്.ഡബ്ല്യൂ 80 മില്യൺ യൂറോയുടെ സാമ്പത്തിക സഹായം നൽകാൻ തത്വത്തിൽ തയ്യാറാണ് എന്നറിയിക്കുകയുണ്ടായി. ഇതെല്ലാംകൂടി ഉൾപ്പെടുത്തി Revival of Inland Water Transport infrastructure, introduction of best transit and non-motorized Transport system and implementation of the **Intelligent** Transport System, ഇത് കെ.എം.ആർ.എൽ-ന്റെയും കേരള സർക്കാരിന്റെയും തത്വത്തിലുള്ള അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഇവിടെ കൊച്ചി കേന്ദ്രീകരിച്ചുണ്ടാകുന്ന ഈ വമ്പിച്ച മാറ്റത്തിൽ സമീപ ജില്ലകളെക്കൂടി ഉൾപ്പെടുത്തത്തക്കവിധത്തിൽ, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി ജില്ലയുടെ തൊടുപുഴ പ്രദേശം, കോട്ടയം ജില്ല തുടങ്ങി എല്ലാ പ്രദേശത്തും ജലയാനങ്ങൾ പോകാൻ കഴിയുന്ന സ്ഥലത്ത് അങ്ങനെയും,

അതോടൊപ്പം സർഫസ് ട്രാൻസ്പോർട്ടിന്റെ ഡെവലപ്മെന്റിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിച്ച് വിപുലമായ ഡി.പി.ആർ. രൂപീകരിക്കുന്നതിനുവേണ്ടി നിർദ്ദേശിച്ചിട്ടുണ്ട്. അത് ലഭിച്ചാലുടൻ മറ്റ് നടപടികളിലേയ്ക്ക് പോകുന്നതാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, ഇന്ത്യാ ഗവൺമെന്റ് കൊച്ചി മെട്രോ പ്രോജക്ട് അംഗീകരിച്ചപ്പോൾ തന്നെ തത്വത്തിൽ അംഗീകാരം കൊടുത്തതാണ്. എന്തുകൊണ്ടാണ് പദ്ധതി പൂർത്തിയാക്കാൻ ഇത്രയുമധികം വൈകുന്നത്? ഈ പദ്ധതി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തി, വിദേശ ഏജൻസിയുമായി ബന്ധപ്പെട്ട ഫണ്ട് ലഭിക്കാനും എത്രയും വേഗത്തിൽ അതിന്റെ പ്രവർത്തനങ്ങൾ നടത്താനും നടപടി സ്വീകരിക്കണം. കൊച്ചി വ്യാവസായിക നഗരമെന്ന നിലയിലും വാട്ടർ ട്രാൻസ്പോർട്ടേഷൻ വളരെയധികം ആവശ്യമുള്ള സാഹചര്യത്തിലും പ്രത്യേകിച്ച്, ഇൻഫ്ലെയിമബിൾ ആയിട്ടുള്ള ഗുഡ്സും മറ്റ് ഗുഡ്സ് ട്രാൻസ്പോർട്ടേഷനും ഈ പദ്ധതിയിലൂടെ സാധ്യമാക്കണം. ഇത് സംബന്ധിച്ച കാര്യങ്ങൾ കൂടി ഡെവലപ് ചെയ്ത് പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കൊച്ചി മെട്രോ മാനേജിംഗ് ഡയറക്ടറുമായി ഞാൻ കഴിഞ്ഞ ആഴ്ച സംസാരിച്ചിരുന്നു. കാര്യമായ ഡിലെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നിട്ടില്ല. എത്രയുംവേഗം ഡി.പി.ആർ. സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അത് കിട്ടിയാലുടൻ മറ്റ് നടപടികളുമായി മുമ്പോട്ട് പോകുന്നതാണ്.

ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുന്നതിലുള്ള കാലതാമസം

ശ്രീ. റ്റി. വി. രാജേഷ്: സർ, വിവിധ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുന്നതിലും നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും സത്വരമായ നടപടി ഉണ്ടാകണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്. കേരളത്തിൽ പൊതുവെ നിയമനം നടക്കാത്ത സ്ഥിതിയാണുള്ളത്. എന്തെല്ലാം കണക്കുകൾ പറഞ്ഞാലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം നിയമനം ലഭിക്കുന്നില്ല. സ്കൂൾ മേഖലയിൽ അദ്ധ്യാപക നിയമനങ്ങൾ നിലച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എൽ.പി./യു.പി.സ്കൂൾ അദ്ധ്യാപക നിയമനം പേരിനുമാത്രമാണ് നടന്നിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ മലയാളം

എച്ച്.എസ്.എ. റാങ്ക് പട്ടികയിൽ നിയമന ശിപാർശ ലഭിച്ചവർക്ക് 9 മാസത്തിനുശേഷമാണ് നിയമന ഉത്തരവ് ലഭിച്ചത്. മലപ്പുറം ജില്ലയിൽ എൽ.പി.എസ്.എ. തസ്തികയിൽ എൻ.സി.എ. ആയി നിയമനം ലഭിക്കുന്നതിന് 24.03.2014-ന് പി.എസ്.സി. നിമന ശിപാർശ ചെയ്ത എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 5 പേരും എസ്.സി. വിഭാഗത്തിൽപ്പെട്ട 44 പേരും ഉൾപ്പെടെ 49 ഉദ്യോഗാർത്ഥികൾക്ക് ഇതുവരെയും നിമയന ഉത്തരവ് ലഭിച്ചിട്ടില്ല. യുവജനസംഘടനകളുമായി 17.10.2014-ന് ബഹുമാന്യരായ മുഖ്യമന്ത്രിയും ആഭ്യന്തര വുകപ്പുമന്ത്രിയും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും നടത്തിയ ചർച്ചയിൽ ഇവർക്ക് എത്രയുംവേഗം നിയമനം നൽകുമെന്നാണ് പറഞ്ഞത്. മാത്രമല്ല, 14.07.2014-ന് മുൻ നിയമസഭാ സ്പീക്കറും മെമ്പറുമായ ശ്രീ. കെ. രാധാകൃഷ്ണൻ ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. ഉടൻ നിയമനം നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സബ്മിഷന് മറുപടി നൽകിയതുമാണ്. എന്നാൽ ആ ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ നിയമനം നൽകിയിട്ടില്ല. അതുപോലെ ഹയർ സെക്കണ്ടറി മേഖലയിൽ പുതിയ ബാച്ചുകളും പ്ലസ് ടു സ്കൂളുകളും അനുവദിച്ചു. ഹയർ സെക്കണ്ടറിയിൽ 3000-ത്തോളം താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നു. 3000-ത്തോളം തസ്തികകൾക്ക് ഇനിയും ഗവൺമെന്റ്

അംഗീകാരം നൽകാൻ ബാക്കിയുണ്ട്. അതുപോലെ കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ 404 ഒഴിവുകൾ ഉണ്ടെങ്കിലും 159 ഒഴിവുകൾ മാത്രമാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കെ.എസ്.ഇ.ബി.യിലെ മസ്ദൂർമാരുടെ 529 ഒഴിവുകൾ ഉണ്ടെന്നാണ് നിയമസഭയിൽ നൽകിയ മറുപടി. എന്നാൽ ഈ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ ഒരു നടപടിയും ബന്ധപ്പെട്ട വകുപ്പിന്റെ ഭാഗത്തിനിന്നും ഉണ്ടാകുന്നില്ല. കെ.എസ്.ആർ.ടി.സി.യിൽ റിസർവ് കണ്ടക്ടർമാരായി 9300 പേർക്ക് നിയമന ശിപാർശ നൽകിയത് 2013 സെപ്റ്റംബർ മാസം 5-ാം തീയതിയാണ്. ഇതിൽ ഇനിയും 4500 ആളുകൾ നിയമന ഉത്തരവ് കാത്തിരിക്കുകയാണ്. അതുപോലെ കേരളത്തിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ 2000-ലധികം സ്റ്റാഫ് നഴ്സ് തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനം ഡി.എം.ഇ.-ക്കും മറ്റ് സർക്കാർ ആശുപത്രികളിലെ നിയമനം ഡി.എച്ച്.എസ്.-നുമായി വീതിച്ച് നൽകിയതിനാൽ പൊതുറാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മെഡിക്കൽ കോളേജിൽ നിയമനം ലഭിക്കാത്ത സ്ഥിതിയാണ് വന്നിരിക്കുന്നത്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ 300 അസിസ്റ്റന്റ് പ്രൊഫസർമാരുടെ

ഒഴിവുകളുണ്ട്. ആ ഒഴിവുകളിൽ നിയമനം നടത്താതെ മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പ്രായം വീണ്ടും 62 ആയി വർദ്ധിപ്പിക്കാനുള്ള നീക്കം തകൃതിയായി നടക്കുകയാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പെൻഷൻപ്രായം ഉയർത്താനുള്ള നീക്കങ്ങളും നടക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഉയർത്തില്ലെന്ന് ഗവൺമെന്റ് പറയുന്നു. കെ.എസ്.എഫ്.ഇ. യുമായി ബന്ധപ്പെട്ട കേസ് കോടതിയിൽ നിലവിലുണ്ട്. കെ.എസ്.എഫ്.ഇ. മാനേജ്മെന്റ് പെൻഷൻ പ്രായം ഉയർത്താൻ തീരുമാനിച്ചു. അതിനെതിരായ കേസ്സിൽ, ഗവൺമെന്റ് പെൻഷൻ പ്രായം ഉയർത്തിലെന്ന് പറയുന്നെങ്കിലും കെ.എസ്.എഫ്.ഇ. പെൻഷൻ പ്രായം ഉയർത്തുമെന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ വാദം പറയേണ്ട ഗവൺമെന്റ് പ്ലീഡർ ഇക്കാര്യത്തിൽ യാതൊരു നിലപാടും വ്യക്തമാക്കാൻ തയ്യാറായിട്ടുമില്ല. അതുകൊണ്ട് നിയമന ശിപാർശ നൽകിയ ആളുകൾക്ക് എത്രയുംവേഗം നിയമന ഉത്തരവ് നൽകാൻ തയ്യാറാകണമെന്നാണ് ഇവിടെ ആവശ്യപ്പെടുന്നത്. അതുപോലെ യൂണിവേഴ്സിറ്റികളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ടത് 18.12.2010-നാണ്. സർവ്വകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നിയമന രംഗത്ത് കൂടുതൽ സുതാര്യത ഉറപ്പാക്കി ക്രമക്കേടുകൾ

അവസാനിപ്പിക്കാനും 2010-ൽ സർവ്വകലാശാല അനദ്ധ്യാപക നിമയനം പി.എസ്.സി.-ക്ക് വിട്ടതാണ്. 4 വർഷം കഴിഞ്ഞിട്ടും യൂണിവേഴ്സിറ്റി ആക്ടിലും സ്റ്റാറ്റ്യൂട്ടിലും അതിനാവശ്യമായ ഭേദഗതി വരുത്തുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ 3000-ൽ അധികം വരുന്ന അനദ്ധ്യാപക ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണ്. അക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകണം. കമ്പനി/കോർപ്പറേഷൻ/ബോർഡ്-ൽ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനുള്ള ലിസ്റ്റ് വന്നിട്ട് വർഷങ്ങളായെങ്കിലും ആരെയും നിയമിക്കുന്നില്ല. ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമം പി.എസ്.സി.-ക്ക് വിട്ടെങ്കിലും അതിനനുസരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ തയ്യാറായിട്ടില്ല. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടൽ മാത്രമാണ് നടക്കുന്നത്, നിയമനം നടക്കുന്നില്ല. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് കാലാവധി നീട്ടിക്കൊടുക്കാനല്ല, നിയമനം നടത്താനാണെന്ന് സർക്കാരിന് ബോദ്ധ്യമാകണം. ഏറ്റവും കൂടുതൽ നിയമനം നടക്കേണ്ട എൽ.ഡി.സി.ലിസ്റ്റിന്റെ കാലാവധി തീരാൻ ഇനി 4 മാസം മാത്രമാണുള്ളത്. ഈ ലിസ്റ്റിൽനിന്നും 20

ശതമാനവും കാലാവധി തീരാൻ 7 മാസം മാത്രമുള്ള ലാസ്റ്റ്ഗ്രേഡ് ലിസ്റ്റിൽനിന്നും 16 ശതമാനവുമാണ് നിയമനം നടന്നിട്ടുള്ളത്. മുൻവർഷത്തെ നിയമനങ്ങളുടെ കണക്കെടുത്താൽ ഇപ്പോൾ 80 ശതമാനം നിയമനവും നടക്കാത്ത സ്ഥിതിയാണുള്ളതെന്ന് മനസ്സിലാകും. ഇത് നിയമന നിരോധനത്തിന്റെ മറ്റൊരു മുഖമാണ്. ഒരു കാര്യംകൂടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് നിമയന നിരോധനം ഇല്ലെന്നാണ്. ഞാൻ ഒരു കണക്ക് പറയാം. 2009-ൽ 43262 പേർക്കും 2010-ൽ 44272 പേർക്കും 2011-ൽ 33153 പേർക്കും 2012-ൽ 28425 പേർക്കും 2013-ൽ 36942 പേർക്കും നിയമന ശിപാർശ നൽകി. 2014 സെപ്റ്റംബർ മാസംവരെ 14000 പേർക്ക് മാത്രമാണ് നിയമന ശിപാർശ നൽകിയത്. ഈ കണക്കുകൾ വ്യക്തമാക്കുന്നത് ഇവിടെ നിയമന നിരോധനമുണ്ടെന്നാണ്. അതുപോലെ, തസ്തിക വെട്ടിക്കുറക്കില്ലെന്ന് പറഞ്ഞു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ്.. ഏഴര മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ നിർത്താം. കേരളത്തിൽ 8 മെഡിക്കൽ കോളേജുകൾ ആരംഭിച്ചു. 2015 മാർച്ച് മാസം വരെ പുതിയ തസ്തിക സൃഷ്ടിക്കില്ലെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു.

ഇവിടെ പ്രഖ്യാപനങ്ങൾ നടത്തുകയാണ്. സംരംഭങ്ങൾ പലതും ജന്മദിശയിൽ തന്നെ വെന്റിലേറ്ററിൽ കിടക്കുകയാണ്. 8 മെഡിക്കൽ കോളേജുകൾ എങ്ങനെ പ്രവർത്തിക്കും? അതുകൊണ്ട് പുതിയ തസ്തികകൾ സൃഷ്ടിക്കാനും നിയമന ശിപാർശ നൽകിയവർക്ക് ഉടൻ നിയമന ഉത്തരവ് നൽകാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.ഉമ്മൻ ചാണ്ടി): സർ, നിയമന നിരോധനം ഇല്ലെന്നുള്ളത് ഈ സഭയിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. പി.എസ്.സി. ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും അംഗീകൃത തസ്തികകളിൽ ഒഴിവ് വരികയും ആ ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതുമായ ഏതെങ്കിലും ഒരനുഭവം ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ എഴുതിത്തരണം. നിശ്ചയമായും ആ ഒഴിവ് നികത്തുകയും അത് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കുകയും ചെയ്യും. ഇതിനകംതന്നെ ചില ഉദ്യോഗസ്ഥർക്ക് ഷോക്കോസ് നോട്ടീസ് കൊടുത്തിട്ടുണ്ട്. നിയമനങ്ങൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ തസ്തികകളിലേയ്ക്കും പി.എസ്.സി. യുടെ ലൈവ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും

കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

2015 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.-യെ അറിയിക്കുന്നതിനും എല്ലാ വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതാത് വകുപ്പിന് കീഴിൽ വരുന്ന നിയമനങ്ങളും പി.എസ്.സി.-ക്ക് വിട്ടുകൊടുത്തിട്ടുള്ള വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവയിലെ എൽ.ജി.എസ്., ജൂനിയർ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ് II, ക്ലാർക്ക്/കാഷ്യർ എന്നീ തസ്തികകളിലെ ഒഴിവുകളും യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താനും എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നും നിയമനങ്ങൾ ത്വരിതപ്പെടുത്താൻ 2015 ഏപ്രിൽ-മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ ഓരോ ജില്ലയിലുമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുമ്പ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ മുൻകൂട്ടി കണക്കിലെടുത്ത് ഏപ്രിൽ-മേയ് മാസങ്ങളിലെ ഒഴിവുകൾ കണക്കാക്കി

നിലവിലുള്ള ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ കിട്ടിയ ഉദ്യോഗാർത്ഥികൾക്ക് മറ്റ് നിയമപരമായ തടസ്സങ്ങളൊന്നുമില്ലെങ്കിൽ അഡ്വൈസ് മെമ്മോ തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ നിയമനം നൽകണമെന്നതാണ് നിലവിലുള്ള വ്യവസ്ഥ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ ഒരു കേസ്, ശ്രീ. കെ. രാധാകൃഷ്ണൻ ഈ സഭയിലുന്നയിച്ചതും ഞാൻ മറുപടി പറഞ്ഞതുമായിട്ടുള്ള ആ കേസിൽ ഈ മൂന്നുമാസമെന്നുള്ള പരിധി കഴിഞ്ഞിട്ടും അവർക്ക് നിയമനം ലഭിച്ചിട്ടില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതൊരു കുറവായിട്ടുതന്നെ അംഗീകരിച്ചുകൊണ്ട് എത്രയും വേഗത്തിൽ അവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇന്നു രാവിലെയും ആ കാര്യം സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ഞാൻ സംസാരിച്ചിരുന്നു. എത്രയും വേഗത്തിൽ നിയമനം നൽകുന്നതിന് തീരുമാനിക്കുന്നതാണ്. യൂണിവേഴ്സിറ്റിയുടെ കാര്യം പറഞ്ഞു. യൂണിവേഴ്സിറ്റികളുടെ നിയമനം പി.എസ്.സി.-ക്ക് വിടുകയെന്നുള്ളത് വർഷങ്ങളായി എല്ലാപേരും പറഞ്ഞിരുന്നതാണ്. പക്ഷെ ഇതുവരെ സാധിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചുവെന്ന് പറഞ്ഞിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. ആലോചിച്ച് അത് സംബന്ധിച്ചൊരു തീരുമാനം

എത്രയും വേഗത്തിൽ എടുക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, നിയമനങ്ങളുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ഉദ്യോഗാർത്ഥികളിൽനിന്ന് ഉയർന്നുവരികയാണ്. ബന്ധപ്പെട്ട വകുപ്പുമേധാവികളെ സമീപിച്ചാൽ അവർക്ക് പലപ്പോഴും അത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭിക്കുന്നില്ല. ഈയൊരു പ്രശ്നത്തിന് പരിഹാരം കാണാൻ ബഹുമാന്യനായ മുഖ്യമന്ത്രി മുൻകൈയെടുത്തുകൊണ്ട് സെക്രട്ടേറിയറ്റിൽ ഒരു പ്രത്യേക സെൽ, നിയമനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഉദ്യോഗാർത്ഥികൾക്ക് സഹായകരമാകുന്ന വിധത്തിൽ ഹെൽപ് ഡെസ്ക് എന്ന രീതിയിൽ ഒരു പ്രത്യേക സെൽ ആരംഭിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇപ്പോൾ അതേക്കുറിച്ച് ആലോചിച്ചിട്ടില്ല. അത് പരിശോധിക്കാം.